(ഡി) 27-12-2013-ലെ സ.ഉ (സാധാ) നമ്പർ 1689/13/പൊ.മ.വ. പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടെ 375 ലക്ഷം രൂപയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ-ജി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. മൂന്ന് മാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ചടയമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

294(3219) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചടയമംഗലം മണ്ഡലത്തിൽ 2011 ജൂൺ മുതൽ 2014 നവംബർ വരെ നടത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾ അവയുടെ തുക സഹിതം ലഭ്യമാക്കാമോ ?

ഉത്തരം

ചടയമംഗലം മണ്ഡലത്തിൽ 2011 ജൂൺ മുതൽ 2014 നവംബർ വരെ നടത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പുനലൂർ മൂവാറ്റുപുഴ സംസ്ഥാനപാത

295(3220) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മൂവാറ്റുപുഴ സംസ്ഥാനപാത കെ.എസ്.റ്റി.പി. ഏറ്റെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ഏറ്റെടുക്കൽ നടന്നത് ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; ഇപ്പോൾ റോഡിന്റെ ഉത്തരവാദിത്വം പൊതുമരാമത്ത് വകുപ്പിന് തന്നെയാണോ ; എങ്കിൽ എന്തുകൊണ്ട് കഴിഞ്ഞ കുറേ വർഷങ്ങളായി റീടാറിംഗ് ഒഴിവാക്കി കുഴിയടയ്ക്കൽ മാത്രം നടത്തുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) കെ.എസ്.ടി.പി. പ്രസ്തുത റോഡ് ഏറ്റെടുത്ത് പണി ആരംഭിച്ചെങ്കിൽ എവിടെയൊക്കെ പണി നടന്നെന്നും അവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ ; പ്രസ്തുത പണികൾക്ക് എത്ര തുക വീതമാണ് ചെലവഴിച്ചത് ;

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റാന്നി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന മൂവാറ്റുപുഴ സംസ്ഥാനപാതയുടെ പണി എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ ; പണി ആരംഭിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുനലൂർ മൂവാറ്റുപുഴ റോഡിന്റെ തൊടുപുഴ മുതൽ മൂവാറ്റുപുഴ വരെയുള്ള ഭാഗം കെ.എസ്.ടി.പി. ഒന്നാം പദ്ധതിയിൽപ്പെടുത്തി 2002-ൽ ഏറ്റെടുത്ത് 2007 ജനുവരിയിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി പുനലൂർ തൊടുപുഴ ഭാഗം കെ.എസ.ടി.പി-2 പദ്ധതിയിൽപ്പെടുത്തിയാണ് നിർമ്മിക്കുന്നത്. ഇതിൽ പൊൻകുന്നം - തൊടുപുഴ ഭാഗം 28-5-2014-ൽ കെ.എസ്.ടി.പി. ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. ഇതിൽ പി.പി. പി. രീതിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പുനലൂർ - പൊൻകുന്നം റോഡ് കെ.എസ്.ടി.പി. പൊതുമരാമത്ത് വകുപ്പിൽ നിന്നും ഏറ്റെടുത്തിട്ടില്ല.

(ബി) ലോക ബാങ്കുമായി ഒപ്പിട്ട കരാറിലെ നിബന്ധനപ്രകാരം കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി പുനലൂർ - പൊൻകുന്നംറോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (പി.പി.പി) ആണ് നിർമ്മാണം നടത്തുന്നത്. ഇതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ ഒപ്പുവച്ചതിന് ശേഷമേ പൊതുമരാമത്ത് വകുപ്പിൽ നിന്ന് റോഡ് കെ.എസ്.ടി.പി-ക്ക് കൈമാറുകയുള്ളൂ. കെ.എസ്.ടി.പി.റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ചെയ്യുമെന്നതിനാൽ ഈ റോഡിന്റെ ഉപരിതലം പൂർണ്ണമായും പൊളിക്കുന്നത് പാഴ് ചെലവായി മാറുമെന്നതിനാലാണ് റീടാറിംഗ് പണികൾ ഏറ്റെടുക്കാത്തത്. എങ്കിലും റോഡിനെ ഗതാഗതയോഗ്യമായി നിലനിർത്തുന്നതിനുള്ള അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് ചെയ്തിട്ടുണ്ട്. ശബരിമല ഉത്സവത്തിന്റെ ഭാഗമായി റോഡ് പൂർണമായും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

(സി) പുനലൂർ - മൂവാറ്റുപുഴ റോഡിൽ മൂവാറ്റുപുഴ മുതൽ തൊടുപുഴ വരെയുള്ള ഭാഗം കെ.എസ്.ടി.പി. 1 പദ്ധതിയിൽ 2007-ൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കെ.എസ്.ടി.പി. രണ്ടാം പദ്ധതിയിൽപ്പെട്ട പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള റോഡിന്റെ നിർമ്മാണം 5-5-2014-ൽ എഗ്രിമെന്റ് വച്ച് നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതിന് 227.13 കോടി രൂപയാണ്

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അടങ്കൽ തുക. ഈ റോഡിന്റെ കോലാനിബൈപ്പാസിലും എലിക്കുളം പൈക പ്രവിതാനം എന്നിവിടങ്ങളിൽ ഓട നിർമ്മാണവും നെല്ലാപ്പാറയിൽ പാറപ്പൊട്ടിക്കലും നടന്നുകൊണ്ടിരിക്കുന്നു. ഈ കരാറിൽ ഇതുവരെ 3.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ലോകബാങ്കുമായി ഒപ്പിട്ട കരാർ പ്രകാരം പുനലൂർ - പൊൻകുന്നം റോഡ് പൊതുസ്വകാര്യ പങ്കാളിത്ത (പി.പി.പി. - അന്വിറ്റി) വ്യവസ്ഥയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ റോഡിന്റെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പി.പി.പി. - അന്വിറ്റി രീതിയിൽ നിർമ്മാണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൺസഷണെയറെ കണ്ടെത്തുന്നതിനുമായി M/s. L& T Ramboll JV with M/s.Fortress എന്ന സ്ഥാപനത്തെ Transaction Advisory Consultant ആയി നിയമിച്ചിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

അങ്കമാലി നിയോജകമണ്ഡലത്തിലെ കൃംപ്ഷെഡ് റോഡ്

296(3221) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കൃംപ്ഷെഡ് റോഡിന്റെ സ്ഥലമെടുപ്പിനും നിർമ്മാണ പ്രവൃത്തിക്കായും അനുവദിച്ച തുക എത്രയെന്നും എന്നെല്ലാമാണ് പ്രസ്തുത തുകകൾ അനുവദിച്ചിരുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണപ്രവർത്തനത്തിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ഡി) കരാർ കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ ടെർമിനേഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ ;

(ഇ) നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ;

(എഫ്) ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ ക്യാംപ്ഷെഡ് റോഡിന്റെ സ്ഥലമെടുപ്പിനും നിർമ്മാണ പ്രവർത്തിക്കുമായി 175 ലക്ഷം രൂപ 9-11-2011 തീയതിയിലെ സ.ഉ (സാധാ) നമ്പർ.1540/2011/പൊ.മ.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

807/2017

LIBRARY ARCHIVES Kerala Legislative Assembly